# ഖുർആൻ ബോധനം

എ.വൈ.ആർ

632

സൂറ-15

# അൽ ഹിജ്ർ

21 യാതൊരു വസ്തുവും അതിന്റെ ഖജനാവ് നമ്മുടെ പക്കൽ ഉണ്ടായിട്ടല്ലാതെ പ്രപഞ്ചത്തിലില്ല തന്നെ. എന്നാൽ നാം അത് ഇറക്കിക്കൊടുക്കുന്നത് നിർണിതമായ കണക്കനുസരിച്ചു മാത്രമാകുന്നു.
22 വാഹകങ്ങളായി കാറ്റുകളെ അഴിച്ചുവിടുന്നതും നാമാകുന്നു. അങ്ങനെ മാനത്തുനിന്ന് മഴയിറക്കുകയും അതു നിങ്ങളെ കുടിപ്പിക്കുകയും ചെയ്യുന്നു. അതിന്റെ ഖജനാവുകാർ നിങ്ങളല്ലല്ലോ.
23 നാം തന്നെയാകുന്നു ജീവിപ്പിക്കുന്നതും മരിപ്പിക്കുന്നതും. സകലതിന്റെയും അന്തിമാവകാശിയും നാം തന്നെ.
24 നിങ്ങളിൽനിന്ന് നേരത്തെ കഴിഞ്ഞുപോയവരെ തീർച്ചയായും നാം അറിഞ്ഞിരിക്കുന്നു. പിറകെ വരുന്നവരെയും തീർച്ചയായും അറിഞ്ഞിരിക്കുന്നു.
25 നിശ്ചയം നിന്റെ വിധാതാവ് എല്ലാവരെയും ഒരുനാൾ ഒരുമിച്ചു കൂട്ടുക തന്നെ ചെയ്യും. അവൻ സർവജ്ഞനായ യുക്തിമാനാകുന്നു.

وَإِن مِّن شَيْءٍ إِلَّا عِندَنَا خَزَآئِنُهُۥ وَمَا نُنَزِّلُهُۥٓ إِلَّا بِقَدَرٍ مَّعْلُومٍ ﴿٢١﴾

وَأَرْسَلْنَا ٱلرِّيَٰحَ لَوَٰقِحَ فَأَنزَلْنَا مِنَ ٱلسَّمَآءِ مَآءً فَأَسْقَيْنَٰكُمُوهُ وَمَآ أَنتُمْ لَهُۥ بِخَٰزِنِينَ ﴿٢٢﴾

وَإِنَّا لَنَحْنُ نُحْيِۦ وَنُمِيتُ وَنَحْنُ ٱلْوَٰرِثُونَ ﴿٢٣﴾

وَلَقَدْ عَلِمْنَا ٱلْمُسْتَقْدِمِينَ مِنكُمْ وَلَقَدْ عَلِمْنَا ٱلْمُسْتَـْٔخِرِينَ ﴿٢٤﴾

وَإِنَّ رَبَّكَ هُوَ يَحْشُرُهُمْ ۚ إِنَّهُۥ حَكِيمٌ عَلِيمٌ ﴿٢٥﴾

നമ്മുടെ പക്കൽ ഉണ്ടായിട്ടല്ലാതെ =إِلَّا عِندَنَا (പ്രപഞ്ചത്തിൽ) യാതൊരു വസ്തുവും ഇല്ലതന്നെ =وَإِن مِّن شَيْءٍ
അതിന്റെ(ജീവിതോപാധികളുടെ) ഖജനാവുകൾ =خَزَآئِنُهُۥ
(എന്നാൽ) നാം അത് ഇറക്കിക്കൊടുക്കുന്നില്ല(ക്കൊടുക്കുന്നത്) =وَمَا نُنَزِّلُهُۥ
അറിയപ്പെട്ട, നിർണിതമായ =مَّعْلُومٍ കണക്കനുസരിച്ച്(മാത്രമാകുന്നു)അല്ലാതെ =إِلَّا بِقَدَرٍ
വാഹകങ്ങളായ =لَوَٰقِحَ കാറ്റുകളെ =ٱلرِّيَٰحَ നാം അയച്ചുവിട്ടു(അഴിച്ചു വിടുന്നതും നാമാകുന്നു) =وَأَرْسَلْنَا
വെള്ളം(മഴ) =مَآءً അങ്ങനെ നാം മാനത്തുനിന്ന് ഇറക്കി(ക്കുകയും) =فَأَنزَلْنَا مِنَ ٱلسَّمَآءِ
നിങ്ങൾ അല്ല(ല്ലോ) =وَمَآ أَنتُمْ എന്നിട്ട് അത് നിങ്ങളെ നാം കുടിപ്പിച്ചു(പ്പിക്കുകയും ചെയ്യുന്നു) =فَأَسْقَيْنَٰكُمُوهُ
തീർച്ചയായും നാം(തന്നെയാകുന്നു) =وَإِنَّا لَنَحْنُ ഖജനാവുകാർ, സൂക്ഷിപ്പുകാർ =بِخَٰزِنِينَ അതിന്റെ =لَهُۥ
അനന്തരാ(അന്തിമാ)വകാശികളും =ٱلْوَٰرِثُونَ നാം തന്നെ =وَنَحْنُ മരിപ്പിക്കുന്നു(ന്നതും) =وَنُمِيتُ ജീവിപ്പിക്കുന്നു(ന്നതും) =نُحْيِۦ
മുന്തിയവരെ, മുമ്പേപോയവരെ, നേരത്തെ കഴിഞ്ഞുപോയവരെ =ٱلْمُسْتَقْدِمِينَ തീർച്ചയായും നാം അറിഞ്ഞിരിക്കുന്നു =وَلَقَدْ عَلِمْنَا

مِنكُمْ= നിങ്ങളിൽനിന്ന് وَلَقَدْ عَلِمْنَا= നാം അറിഞ്ഞിരിക്കുന്നു
ٱلْمُسْتَـْٔخِرِينَ= പിന്തിയവരെ, പിന്നാക്കക്കാരെ, പിറകെ വരുന്നവരെയും وَإِنَّ رَبَّكَ= നിശ്ചയം, നിന്റെ വിധാതാവ്
هُوَ يَحْشُرُهُمْ= അവൻ(ഒരുനാൾ) അവരെ(യെല്ലാം) ഒരുമിച്ചുകൂട്ടുക തന്നെചെയ്യും
إِنَّهُۥ= തീർച്ചയായും അവൻ حَكِيمٌ= യുക്തിമാനാകുന്നു عَلِيمٌ= സർവജ്ഞനായ

**21:** മുൻ സൂക്തങ്ങളിൽ പരാമർശിച്ച സന്തുലനവും രഞ്ജിപ്പും കുറെക്കൂടി വ്യക്തമായി പ്രസ്താവിച്ചിരിക്കുകയാണിവിടെ. അല്ലാഹുവിന്റെ സൃഷ്ടികൾക്കിടയിൽ സമ്പൂർണമായ സന്തുലനം കാണാം. ഒന്നിന്റെ നിലനിൽപ് മറ്റു പലതിന്റെയും നിലനിൽപിനെ ആശ്രയിച്ചിരിക്കുന്നു. നാശവും അപ്രകാരം തന്നെ. ജന്തുക്കളായാലും സസ്യങ്ങളായാലും ഓരോന്നും മനുഷ്യനടക്കമുള്ള മറ്റനേകം സൃഷ്ടികൾക്ക് പ്രയോജനപ്പെടുന്ന രീതിയിലും അളവിലുമാണുളവാകുന്നത്. പ്രകൃതിയുടെ ഈ സന്തുലനം തികഞ്ഞ യുക്തിയിലും ജ്ഞാനത്തിലും അധിഷ്ഠിതമായി അല്ലാഹു നിശ്ചയിച്ചതാണ്. അതിൽ മനുഷ്യൻ അതിക്രമിച്ചു കടന്നു ഇടപെടുമ്പോഴാണ് പ്രകൃതിനാശങ്ങളുണ്ടാകുന്നത്. അത് മനുഷ്യന്റെയും ഇതര സൃഷ്ടികളുടെയും ജീവിതം ദുഷ്കരമാക്കുന്നു.

അല്ലാഹു ഓരോ വസ്തുവും സൃഷ്ടിക്കുന്നത് എവിടെ എത്രകാലം എങ്ങനെയൊക്കെ നിലനിൽക്കണമെന്ന് കണക്കാക്കുകയും ആ നിലനിൽപിന് ആവശ്യമായ ഉപാധികളെല്ലാം സജ്ജീകരിക്കുകയും ചെയ്തുകൊണ്ടാണ്. കണക്കും കണിശവുമില്ലാതെ അവ്യക്തമായി ഒന്നും സൃഷ്ടിച്ചു വിടുന്നില്ല. ഓരോന്നിനും ആവശ്യമായ വിഭവങ്ങളുടെ ഖജനാവുകൾ തന്റെ പക്കൽ ഉണ്ട് എന്നു പറയുന്നതിന്റെ അർഥം, അതൊക്കെ ഉണ്ടാക്കി ഒരു ഖജനാവിൽ അടച്ചുപൂട്ടി വെച്ചിരിക്കുന്നു എന്നല്ല. അല്ലാഹുവിന്റെ ഖജനാവ് അവന്റെ ഇഛ തന്നെയാണ്. അവൻ എന്ത് ഇഛിക്കുന്നുവോ അതുണ്ടാകുന്നു. ഉണ്ടാവുക (كُن) എന്നു പറയുക മാത്രമേ വേണ്ടൂ, അത് യാഥാർഥ്യമാകാൻ.

ഓരോ സൃഷ്ടിയും എങ്ങനെ വാഴണമെന്ന് നിശ്ചയിക്കുന്ന അല്ലാഹു, ആ നിശ്ചയം പുലരുന്നതിനാവശ്യമായ വിഭവങ്ങളാണ് നൽകിക്കൊണ്ടിരിക്കുക. മനുഷ്യന്റെ കാര്യത്തിൽ വിഭവദാനം അവന്റെ അർഹതയും യോഗ്യതയും അവനാൽ ഉദ്ദേശിക്കപ്പെട്ട പരീക്ഷണങ്ങളുംകൂടി കണക്കിലെടുത്തുകൊണ്ടായിരിക്കും. അതായത് ചിലർ ദാരിദ്ര്യവും ചിലർ സമൃദ്ധിയും അനുഭവിക്കുന്നത് വിഭവങ്ങൾ അലക്ഷ്യമായി വലിച്ചെറിഞ്ഞുകൊടുക്കുന്നതുകൊണ്ടല്ല. ചിലരോട് അവന്ന് പക്ഷാഭേദമുള്ളതുകൊണ്ടുമല്ല. ഓരോ മനുഷ്യന്റെയും അർഹതയും യോഗ്യതയും പരിഗണിച്ചുകൊണ്ടാണ്. ചിലപ്പോൾ അവരെ പരീക്ഷിക്കുന്നതിനു വേണ്ടിയും.

**22:** സ്വതന്ത്രമായി അഴിച്ചുവിടുന്നതിനും ദൂതനായി അയക്കുന്നതിനും ഉപയോഗിക്കുന്ന إرسالൽ നിന്നുള്ള ക്രിയയാണ് أرسل. ഇവിടെ രണ്ട് ആശയങ്ങളെയും أَرْسَلْنَا എന്നവാക്ക് ഉൾക്കൊള്ളുന്നുണ്ട്. വായുവിനെ സദാ ചലിക്കാൻ അഴിച്ചുവിട്ടിരിക്കുകയാണ്. വായു നിശ്ചലമായാൽ ഭൂമിയിൽ ജീവിതം സ്തംഭിച്ചുപോകും. ശ്വാസോഛ്വാസം പോലും അസാധ്യമാകും. കാറ്റ് അതിന്റെ ചലനത്തിലൂടെ അതിപ്രധാനമായ പല ദൗത്യങ്ങളും നിർവഹിച്ചുകൊണ്ടിരിക്കുന്നു. അതിൽ ഏറ്റം പ്രകടമായതാണ് ഘനീഭൂതമായ മേഘങ്ങൾ കീറി ഖണ്ഡങ്ങളാക്കി മഴ പെയ്യേണ്ട ഇടങ്ങളിലേക്ക് നയിക്കുകയും വീണ്ടും കൂട്ടിച്ചേർത്ത് തണുപ്പിച്ച് മഴ പെയ്യിക്കുകയും ചെയ്യുക എന്നത്. ഈ പ്രക്രിയ അല്ലാഹു കാറ്റിനെ ഏൽപിച്ച ദൗത്യമാണ്. കാറ്റിന്റെ ഈ പ്രവർത്തന ഫലമായിട്ടാണ് സസ്യങ്ങൾക്കും ജീവജാലങ്ങൾക്കും കുടിനീർ ലഭിക്കുന്നത്. ഭൂഗർഭത്തിലുള്ളതും നദികളിലൂടെ ഒഴുകുന്നതും അണക്കെട്ടുകളും മറ്റുമുണ്ടാക്കി മനുഷ്യർ സംഭരിച്ചു വെക്കുന്നതുമെല്ലാം മഴയിലൂടെ ലഭിക്കുന്ന ജലമാണ്. മഴയില്ലെങ്കിൽ ഭൂമിയിലെ ജലസ്രോതസ്സുകളെല്ലാം വറ്റിവരണ്ടുപോകും. മറ്റൊരു വഴിക്കും മനുഷ്യർക്ക് ആവശ്യമായ വെള്ളം ഉൽപാദിപ്പിക്കാനോ സൂക്ഷിച്ചു വെക്കാനോ കഴിയില്ല. ഈ വസ്തുതയെ സൂചിപ്പിക്കുന്നതാണ് وَمَا أَنتُمْ لَهُۥ بِخَٰزِنِينَ എന്നവാക്യം.

കാറ്റിന്റെ لَوَاقِحَ എന്ന വിശേഷണം അതിന്റെ ഗുരുതരമായ ദൗത്യത്തെ സൂചിപ്പിക്കുന്നു. لاقح ന്റെയും ملقحന്റെയും ബഹുവചനമായി വരുന്നതാണ് لَوَاقِح. ഗർഭം ചുമക്കുന്നതാണ് لاقح. ഗർഭിണിയായ ഒട്ടകത്തിന് لاقح എന്നുപറയും. മറ്റൊന്നിന് ഗർഭം ഉണ്ടാക്കുന്നതാണ് ملقح. ഒട്ടകക്കൂറ്റൻ, വിത്തുകാള തുടങ്ങിയവ ഉദാഹരണം. ملقح ന്റെ മൂലപദമായ إلقاحൽ നിന്നുള്ള تلقيح ബീജസംയോഗം, ബീജദാനം, പരാഗണം, സംപുഷ്ടീകരണം, പുഷ്കലീകരണം, ബീജം കുത്തിവെക്കൽ തുടങ്ങിയ അർഥങ്ങളിൽ ഉപയോഗിച്ചുവരുന്നു. മേഘത്തെ സ്ത്രീയായും, അതിനെ ജലജനനിയാക്കുന്ന പുരുഷനായി കാറ്റിനെയും കൽപിച്ചുകൊണ്ടാവാം കാറ്റിനെ لَوَاقِح എന്നു വിശേഷിപ്പിച്ചത്. കാറ്റിനെത്തന്നെ, മഴമേഘങ്ങളെ ഗർഭം ധരിക്കുന്ന സ്ത്രീയായി കൽപിച്ചുകൊണ്ടുമാവാം. കാറ്റുകൾ الرّياح എന്ന് ഖുർആൻ പറയാറുള്ളത് കാലവർഷക്കാറ്റുകളെ ഉദ്ദേശിച്ചാണ്. മഴക്കു കാരണമാകാത്തതും ആപത്തുകളുണ്ടാക്കുന്നതുമായ കാറ്റിനെ വന്ധ്യമായ കാറ്റ് ٱلرِّيحَ ٱلْعَقِيمَ എന്നാണ് സൂറ *അദ്ദാരിയാത്ത്* 41-ാം സൂക്തത്തിൽ പരാമർശിച്ചിട്ടുള്ളത്.

മഴ പെയ്യിക്കുക കാറ്റിന്റെ പ്രധാന ദൗത്യമായതിനാൽ ചില പണ്ഡിതന്മാർ أَرْسَلْنَا ٱلرِّيَٰحَ لَوَاقِحَ എന്ന വാക്യത്തിന് 'മഴമേഘങ്ങളെ വഹിക്കുന്ന, അല്ലെങ്കിൽ മേഘങ്ങളെ വൃഷ്ടിക്ഷമമാക്കുന്ന കാറ്റുകളെ അയച്ചു' എന്നു അർഥം നൽകുന്നുണ്ട്. എന്നാൽ മേഘങ്ങളെ വഹിക്കലും മഴപെയ്യിക്കലും കാറ്റിന്റെ ദൗത്യങ്ങളിൽ ഒന്നുമാത്രമാണ്. ഓക്സിജൻ, കാർബൺ, ചൂട്, തണുപ്പ് എന്നിവയുടെ വിതരണം, ഗന്ധത്തിന്റെയും മറ്റും വ്യാപനം, പരിസ്ഥിതി ശുചീകരണം, പക്ഷികൾ മുതൽ വിമാനങ്ങൾ വരെയുള്ളവയുടെ സഞ്ചാരം തുടങ്ങി ഒട്ടേറെ കാര്യങ്ങളിൽ വായുവിന് വലുതായ പങ്കുണ്ട്. ഉൽപാദന രംഗത്ത് സസ്യങ്ങളിൽ പരാഗണം (ആൺപൂവിന്റെ പരാഗം പെൺപൂവിന്റെ ഗർഭകേസരാഗ്രത്തിലെത്തിക്കുന്ന പ്രക്രിയ) നിർവഹിക്കുന്നതും കാറ്റാണ്. لَوَاقِح എന്ന മൂലപദത്തിന്റെ അർഥതലങ്ങൾ പരിശോധിച്ചാൽ ഈ ആശയങ്ങളെല്ലാം അതുൾക്കൊള്ളുന്നുവെന്നുകാണാം. ഇതെല്ലാം പരിഗണിച്ചുകൊണ്ടാണ് പ്രകൃതസൂക്തത്തിൽ അതിനെ വഹ

കം(Conductor) എന്ന തർജമ ചെയ്തത്

**23:** മുൻസൂക്തം ഉണർത്തിയ സംഗതികളുടെ അനിവാര്യമായ താൽപര്യം സ്പഷ്ടമാക്കുകയാണിവിടെ. വായുവും വെള്ളവും സജ്ജീകരിച്ചു തരുന്നത് അല്ലാഹുവാണെങ്കിൽ, അവയുടെ പ്രവർത്തനമാണ് ഭൗമസൃഷ്ടികളുടെ ജീവിതത്തിനും നിലനിൽപിനും നാശത്തിനും ആധാരമെങ്കിൽ അവയുടെയെല്ലാം വിധാതാവും നിയന്താവുമായ അല്ലാഹു തന്നെയാണ് എല്ലാറ്റിനെയും ഉളവാക്കുകയും ഇല്ലാതാക്കുകയും ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്ന ശക്തി. ജനിമൃതികളിൽ അവനല്ലാത്ത ആർക്കും ഒരുകൈയുമില്ലാത്തതുപോലെ ഭൂമിയുടെയും ഭൂവാസികളുടെയും അനന്തരാവകാശവും അവന്നുമാത്രമുള്ളതാകുന്നു. ഒരാളുടെ മരണാനന്തരം അയാളുടെ വസ്തുവഹകൾക്കും അവകാശബാധ്യതകൾക്കും ഉത്തരവാദിയും ഉടമയുമാകുന്ന പിൻഗാമിയാണ് സാങ്കേതിക ഭാഷയിൽ وارث. ഇവിടെ ഇതുപയോഗിച്ചുട്ടുള്ളത് ദായധനാവകാശി എന്ന അർഥത്തിലല്ല. ജീവിതകാലത്തെന്നപോലെ മരണാനന്തരവും സൃഷ്ടികളുടെ സകല ഭാഗധേയങ്ങളുടെയും അധികാരി എന്ന അർഥത്തിലാണ്. അതായത് അല്ലാഹു വായുവും വെള്ളവും പ്രദാനം ചെയ്ത് ജീവിപ്പിച്ച സൃഷ്ടികൾ മരിച്ചുപോകുന്നതോടെ ഇല്ലാതാവുകയോ അവന്റെ പിടുത്തത്തിൽനിന്ന് മുക്തനാവുകയോ ചെയ്യുന്നില്ല. ജീവിതകാലത്തെന്നപോലെ മരണശേഷവും സൃഷ്ടികൾ അല്ലാഹുവിന്റെ അധികാരത്തിലും നിയന്ത്രണത്തിലുമുള്ള അടിമകൾ തന്നെയാണ്. മരണത്തിലൂടെ എല്ലാവരും അല്ലാഹുവിലേക്ക് തിരിച്ചെത്തുകയാണ്. അപ്പോഴും അവരുടെ ഭാഗധേയം നിശ്ചയിക്കുന്നത് അവൻ തന്നെയായിരിക്കും.

**24,25:** അതായത്, അതിരറ്റ ഈ സൃഷ്ടിജാലങ്ങളുടെയൊക്കെ കണക്കും കാര്യങ്ങളും അറിയാനും രേഖപ്പെടുത്തി സൂക്ഷിക്കാനും ആർക്കു കഴിയാൻ എന്നൊന്നും ആരും വിചാരിക്കേണ്ട. സൃഷ്ടിക്കുകയും അന്നം നൽകി പോറ്റുകയും ചെയ്തവന്ന് തന്റെ സൃഷ്ടികളുടെ കഴിവുകളും യോഗ്യതകളും എന്തൊക്കെയെന്നും അവർ എന്തൊക്കെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുവെന്നും നന്നായറിയാം. ആദിമുതലിന്നോളം ജീവിച്ചുമരിച്ചുപോയ ഓരോ മനുഷ്യന്റെയും ഓരോ കർമവും അവന്റെ ജ്ഞാനത്തിലുണ്ട്. ഭാവിയിൽ ജനിച്ചു മരിക്കാനിരിക്കുന്നവരുടെ വിവരങ്ങളും അവന്ന് കൃത്യമായി അറിയാം. പൂർവികരെയും പിൽക്കാലക്കാരെയുമെല്ലാം ഒരുനാൾ അവൻ തന്റെ കോടതിയിൽ ഒരുമിച്ചുകൂട്ടി വിചാരണ ചെയ്യുമെന്നതിലും ഒരു സന്ദേഹവും വേണ്ട. അവൻ യുക്തിമാനാണ്. അവന്റെ നടപടികളൊക്കെയും യുക്തപൂർണമായിരിക്കും. എണ്ണമറ്റ സൃഷ്ടികളെ പടച്ചുണ്ടാക്കി അവർക്ക് വ്യക്തമായ ജീവിതലക്ഷ്യവും ആ ലക്ഷ്യത്തിലെത്താനുള്ള കർമമാർഗവും നിർദേശിച്ചുകൊടുക്കുകയും ആ നിർദേശം പ്രാവർത്തികമാക്കാനാവശ്യമായ ഉപാധികളും യോഗ്യതകളും ഒരുക്കി കൊടുക്കുകയും ചെയ്ത അല്ലാഹു തന്റെ സൃഷ്ടികൾ താൻ നിർദേശിച്ച ലക്ഷ്യം സാക്ഷാത്കരിച്ചുവോ, ഇല്ലേ എന്നുപരിശോധിക്കുന്നില്ലെങ്കിൽ അവന്റെ സൃഷ്ടികർമം യുക്തിശൂന്യവും ജ്ഞാനം നിഷ്ഫലവുമായിത്തീരും. സർവജ്ഞനും യുക്തിമാനുമായ അല്ലാഹുവിൽനിന്ന് സൃഷ്ടികൾ ഒരിക്കലും അത് പ്രതീക്ഷിച്ചുകൂടാ. ഇതാണ് സൂക്തത്തിന്റെ പശ്ചാത്തലത്തിൽ സ്ഫുരിപ്പിക്കുന്ന ആശയം. മിക്ക പണ്ഡിതന്മാരും സ്വീകരിച്ചിട്ടുള്ള വ്യാഖ്യാനവും ഇതുതന്നെ.

പൂർവീകരിൽ നിന്നുള്ള ചില നിവേദനങ്ങളെ ആധാരമാക്കി മറ്റു ചില വ്യാഖ്യാനങ്ങളും ഈ സൂക്തത്തിന് നൽകപ്പെട്ടിട്ടുണ്ട്. അതിലൊന്ന് ഇങ്ങനെ: വിശ്വാസികളോട് അല്ലാഹു പറയുകയാണ്: നിങ്ങളിൽ നമസ്കാരത്തിന് പള്ളിയിൽ ആദ്യമെത്തുന്നവരെയും വൈകിയെത്തുന്നവരെയും അല്ലാഹു അറിയുന്നുണ്ട്. എല്ലാവരെയും അവൻ ഒരിക്കൽ ഒരുമിച്ചു കൂട്ടുന്നുണ്ട്. അപ്പോൾ അവന്റെ ജ്ഞാനമനുസരിച്ച് ഓരോരുത്തരോടും യുക്തമായ സമീപനം സ്വീകരിക്കും.

ജിഹാദിന്ന് അല്ലെങ്കിൽ ശത്രുക്കളെ നേരിടുന്നതിന് സോത്സാഹം മുന്നോട്ടു വരുന്നവരെയും, മടിച്ചുമടിച്ചു മാത്രം വരികയോ പിന്നോട്ടടിക്കുകയോ ചെയ്യുന്നവരെയും കുറിച്ചാണീ പരാമർശമെന്ന് മറ്റു ചിലർ അഭിപ്രായപ്പെട്ടു. ഈ വ്യാഖ്യാനങ്ങളിൽ പറയുന്ന കാര്യം തികച്ചും ശരിയാണെങ്കിലും അതാണ് പ്രകൃത സൂക്തത്തിന്റെ ആശയമെന്നതിന് സൂക്തത്തിൽനിന്നോ അതിന്റെ സന്ദർഭത്തിൽനിന്നോ യാതൊരു സൂചനയും ലഭ്യമല്ല. വേറൊരു വ്യാഖ്യാനം ഇങ്ങനെയുമുണ്ട്: പ്രവാചകന്റെ(സ) മസ്ജിദിൽ വിശ്വാസികൾ ജമാഅത്തു നമസ്കാരങ്ങൾക്ക് അണിനിരന്നിരുന്നത് ഏറ്റവും മുന്നിൽ പുരുഷന്മാർ അവർക്കു പിന്നിൽ സ്ത്രീകൾ എന്ന ക്രമത്തിലായിരുന്നു. സുന്ദരികളായ യുവതികളും പള്ളിയിലെത്താറുണ്ടായിരുന്നു. ചില പുരുഷന്മാർ ജമാഅത്തുകൾക്ക് നേരത്തെ പള്ളിയിലെത്തി മുൻനിര(സ്വഫ്ഫ്)യിൽ സ്ഥലം പിടിക്കും. അന്യസ്ത്രീകളെ കാണാതിരിക്കാനുള്ള മുൻകരുതലായിരുന്നു അത്. മറ്റുചില പുരുഷന്മാരാവട്ടെ മനപൂർവം വൈകിയെത്തി, സുന്ദരികളെ നോക്കാൻ പാകത്തിൽ പിന്നിലെ സ്വഫ്ഫിൽ തന്നെ സ്ഥലം പിടിച്ചിരുന്നു. ചിലർ നമസ്കാരത്തിനിടയിൽ പോലും സ്ത്രീകളെ നോക്കാൻ വെമ്പിയിരുന്നു. ഈ കുചേഷ്ഠിതം അല്ലാഹു അറിയുന്നുണ്ടെന്നും അവൻ നാളെ പരലോകത്ത് അതിനു സമാധാനം പറയേണ്ടിവരുമെന്നും താക്കീതു ചെയ്യുകയാണിവിടെ. ഇതിനാസ്പദമായി ഉദ്ധരിക്കപ്പെടുന്ന, പ്രവാചക ശിഷ്യന്മാരെ അപകീർത്തിപ്പെടുത്തുന്ന നിവേദനം വിചിത്രവും അവലംബയോഗ്യരല്ലാത്ത നിവേദകരിലൂടെ വന്നിട്ടുള്ളതും തീർത്തും തള്ളപ്പെടേണ്ടതുമാണെന്ന് ഇമാം ഇബ്നുകസീർ തന്റെ തഫ്സീറിൽ പ്രസ്താവിച്ചിരിക്കുന്നു.

وَلَقَدْ عَلِمْنَا -തീർച്ചയായും അറിഞ്ഞിരിക്കുന്നു- എന്ന വാക്യം നടന്നുകഴിഞ്ഞതോ അപ്പോൾ നടന്നുവരുന്നതോ ആയ ഒരു സംഭവത്തെകുറിച്ചാണ് സംസാരം എന്നുകുറിക്കുന്നുവെന്നതാണ് ഇത്തരം വ്യാഖ്യാനങ്ങൾക്ക് ഉന്നയിക്കപ്പെടുന്ന ഒരു സാധൂകരണം. ഭാവിയും വർത്തമാനവും ഭൂതത്തിൽ പരാമർശിക്കുക ഖുർആനിൽ സാധാരണമാണ്. ഈ വചനത്തിൽ രണ്ടാമത്തെ وَلَقَدْ عَلِمْنَا ക്ക് നാം അറിയുന്നു, അറിഞ്ഞു കൊണ്ടിരിക്കുന്നു എന്നും ചിലർ അർഥം കൽപിച്ചിട്ടുണ്ട്. അല്ലാഹു കാലാതിവർത്തിയാണ്. പദാർഥ ചലനവുമായി ബന്ധപ്പെട്ടതാണ് ഭൂത-വർത്തമാന-ഭാവി വ്യത്യാസങ്ങൾ. അല്ലാഹുവിനെ സംബന്ധിച്ചേടത്തോളം അവ മൂന്നും തമ്മിൽ വ്യത്യാസമില്ല. ഭാവിയിൽ സംഭവിക്കാനിരിക്കുന്ന കാര്യം ഭൂതത്തിൽ സംഭവിച്ചു കഴിഞ്ഞതുപോലെ തന്നെ അവന്റെ ജ്ഞാനത്തിൽ നേരത്തെ രേഖപ്പെട്ടിരിക്കുന്നു. ■